# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

## GLPS THIRUTHI

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുന്നോട്ട് വെച്ച ആശയമാണ് എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക് മാസ്റ്റർ പ്ലാൻ വികസിപ്പിക്കുക എന്നത്. ഇതിൽ വിദ്യാലയത്തിന്റെ കാഴ്ചപ്പാടും അക്കാദമിക ലക്ഷ്യങ്ങളും വിഭവ വിനിയോഗവും പ്രവർത്തന പരിപാടികളും ഉൾപ്പെടുന്നു.

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 2025 -26 മുതൽ സമഗ്ര ഗുണമേന്മ പദ്ധതി നടപ്പിലാക്കി വരുന്നു. നമ്മുടെ വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്ര വികാസവും ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

# ഉള്ളടക്കം


1. വിദ്യാലയ ചരിത്രം
2. വിദ്യാലയം ഇന്ന്
3. പൊതു ലക്ഷ്യങ്ങൾ
4. സ്ഥിതി വിവര കണക്ക്
5. പ്രവർത്തന വിശദാംശങ്ങൾ

മലയാളം
ഐടി
ഇംഗ്ലീഷ്
പൊതുവിജ്ഞാനം
കലാകായികം
ഗണിതം
2025-26 വർഷത്തിൽ സ്കൂൾ ഏറ്റെടുത്ത നൂതന പ്രവർത്തനങ്ങൾ

# വിദ്യാലയ ചരിത്രം

ചരിത്രത്താളുകളിലും പഴമ്പാട്ടുകളിലും ഇടംപിടിച്ച് അഭിമാനത്തിന്റെ അന്തസാർന്ന ഓർമ്മകൾ നമുക്കേകിയ തിരുത്തി ജിഎൽപി സ്കൂൾ സ്ഥിതി ചെയ്യുന്നത്. തിരുന്നാവായ പഞ്ചായത്തിൽ പന്ത്രണ്ടാം വാർഡ് കൊടയ്ക്കൽ വാവൂർ കുന്ന് എന്ന ഉയർന്ന പ്രദേശത്താണ് ഈ സ്കൂളിന്റെ സ്ഥാനം. 1956 ഡിസംബർ 3 മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഏകാധ്യാപക വിദ്യാലയം ആയിട്ടാണ് ഈ സ്കൂൾ ആരംഭിച്ചത്. ബോർഡ് നിയമിച്ച പി നാരായണൻ നമ്പൂതിരിയാണ് ആദ്യത്തെ ഏകാധ്യാപകൻ. മംപ്ലിറ്റി നാരായണമേനോൻ എന്ന വ്യക്തി സൗജന്യമായി നൽകിയ 21 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് 1957 ജൂൺ ഒന്നിന് അധ്യയനം ആരംഭിച്ചു. 1 - 10 -1057ൽ പരിപൂർണ്ണ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ ആയി അംഗീകാരം ലഭിച്ചു. പിന്നീട് മസിലിയത്ത് നാരായണമേനോന്റെ 23 സെന്റ് സ്ഥലം കൂടി സർക്കാർ അക്വയർ ചെയ്തു തുടർന്ന് കൊടയ്ക്കൽ ബാസിൽ മിഷൻ വക മിച്ചഭൂമിയായി ഒരേക്കർ 48 സെന്റ് സ്ഥലം കൂടി വിദ്യാലയത്തിന് ലഭിച്ചു. ഇപ്പോൾ ഒന്ന് 1.94 സെന്റ് സ്ഥലം വിദ്യാലയത്തിന് സ്വന്തമായി ഉണ്ട്. വിദ്യാലയത്തിന് വേണ്ടി സ്ഥലം കണ്ടെത്തുന്നതിനായി വളരെയധികം പ്രയത്നിച്ച വ്യക്തിയാണ് ശ്രീ ചെറു പറമ്പിൽ കോയട്ടി. വിദ്യാലയം ഇന്നീ നിലയിലേക്ക് എത്തുന്നതിനായി പ്രദേശത്തെ നല്ലവരായ നാട്ടുകാരുടെ നിസ്വാർത്ഥമായ സഹകരണം ഉണ്ടായിട്ടുണ്ട്.

# വിദ്യാലയം ഇന്ന്

റോഡിന് ഇരുവശവും രണ്ടു ബ്ലോക്കുകളിലായി ഒന്നു മുതൽ നാലു വരെ ക്ലാസ്സുകൾ ആണ് ഇവിടെ പ്രവർത്തിക്കുന്നത്. 42 കുട്ടികൾ ഇവിടെ പഠിക്കുന്നു കൂടാതെ പിടിഎ നടത്തുന്ന പ്രീ പ്രൈമറിയും ഒരു ക്ലാസിൽ പ്രവർത്തിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ നാല് ക്ലാസ് മുറികൾ ഉണ്ട് സ്മാർട്ട് റൂം, ലൈബ്രറി,ലാബ് എന്നിവയായി ഒരു റൂം സജ്ജീകരിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി റാമ്പ് സൗകര്യം ഉള്ള വരാന്തയാണ് ഒരുക്കിയിരിക്കുന്നത്. റാംപ് സൗകര്യത്തോടു കൂടിയ സ്റ്റേജ് കം ക്ലാസ് റൂം ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്.

സ്കൂളിനോട് ചേർന്ന് സ്റ്റോർ മുറിയോട് കൂടിയ പാചകപ്പുരയും ഗ്യാസ് കണക്ഷനും ഉണ്ട്. ജലസംഭരണിയും ടാങ്കും മോട്ടോറും പൈപ്പും സ്കൂളിന് സ്വന്തമായി ഉണ്ട്. വിദ്യാലയത്തിന്റെതായ 1.48 സെന്റ് സ്ഥലത്ത് ഹരിജൻ കോളനിക്ക് ജലം നൽകുന്നതിനായി പഞ്ചായത്ത് കിണർ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഈ കിണറാണ് കുടിവെള്ളത്തിനായി സ്കൂൾ ആശ്രയിക്കുന്നത്.

ആൺകുട്ടികൾക്ക് ഒരു ശുചിമുറിയും പെൺകുട്ടികൾക്ക് ഒരു ശുചി മുറിയും കൂടാതെ ഒരു ബാലിക സൗഹൃദ ശുചിമുറിയും ഉണ്ട്. കൂടാതെ ആധുനിക രീതിയിലുള്ള നാല് ശിശു സൗഹൃദ ടോയ്ലറ്റുകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. ഭക്ഷണം ഉണ്ടാക്കുന്ന സ്ഥലം,കൈകഴുകുന്ന സ്ഥലം,മൂത്രപ്പുര ഇവ വൃത്തിയായി സൂക്ഷിക്കുന്നു. കുടിവെള്ളം പരിശോധിച്ചു ഉറപ്പുവരുത്തുന്നു. പാചകക്കാരിക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

മൂന്ന് ലാപ്ടോപ്പും ഒരു ഡെസ്ക്ടോപ്പും നാലു പ്രൊജക്ടറും അടങ്ങിയ സ്മാർട്ട് റൂം സ്കൂളിൽ ഉണ്ട്. ഫോൺ കണക്ഷൻ ലഭിച്ചിട്ടുണ്ട്. സ്കൂൾ ലൈബ്രറി എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുത്തി വരുന്നു. ക്ലാസ് ലൈബ്രറിയും എല്ലാ ക്ലാസിലും ഉണ്ട്. കൂടാതെ സ്കൂളിന്റെ തനത് പ്രവർത്തനമായ അമ്മ ലൈബ്രറിയും ആരംഭിച്ചിട്ടുണ്ട്. മൂന്ന് പ്രൈമറി അധ്യാപകരും ഒരു ഹെഡ്മിസ്ട്രസ്സും ഒരു അറബി അധ്യാപികയും ഒരു പിടിസിഎമ്മും ആണ് ഈ വിദ്യാലയത്തിൽ ഉള്ളത്.

ഇത്രയെല്ലാം സൗകര്യമുണ്ടായിട്ടും ഈ വിദ്യാലയത്തിൽ കാലാകാലങ്ങളായി കുട്ടികൾ കുറഞ്ഞു വരികയാണ്. ഈ സ്ഥാപനത്തിനടുത്തായി സ്ഥിതിചെയ്യുന്ന അൺഎയ്ഡഡ് വിദ്യാലയങ്ങളുടെ പ്രലോഭനങ്ങൾ രക്ഷിതാക്കളെയും കുട്ടികളെയും അത്തരം വിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്നു. കൂടാതെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളുടെ അഭാവവും ഈ വിദ്യാലയത്തിന്റെ ഒരു പരിമിതിയാണ്.

# പൊതു ലക്ഷ്യങ്ങൾ

.എല്ലാ കുട്ടികളെയും അവരുടെ ക്ലാസിന്റെ നിലവാരത്തിനനുസരിച്ച് മലയാളം ഇംഗ്ലീഷ് അറബിക് എന്നിവ എഴുതാനും വായിക്കാനും സംസാരിക്കാനും പ്രാപ്തരാക്കുക.

.എല്ലാ കുട്ടികളിലും ഗണിതശാസ്ത്രാഭിരുചി വളർത്തുക.

.എല്ലാ കുട്ടികളിലും സിലബസ് അനുസരിച്ചുള്ള എല്ലാ ഗണിതശേഷികളും നേടുക.

.എല്ലാ കുട്ടികളിലും പൊതുവിജ്ഞാനം വർദ്ധിപ്പിച്ച് വിവിധ ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുക.

.പരിസ്ഥിതിയോട് ഇണങ്ങിയ പരിസര പഠനം

.ഐടി അധിഷ്ഠിത പഠനം

.എല്ലാ കുട്ടികളിലും ശുചിത്വബോധം വളർത്തുക

.സർഗ്ഗാത്മകത വികസിപ്പിക്കുക

. CWSN

കുട്ടികൾക്ക് പ്രത്യേക പരിഗണന

.കലാകായിക രംഗങ്ങളിൽ മികച്ച പരിശീലനം.

## സ്ഥിതി വിവരക്കണക്ക്

സ്കൂൾ ഡിവിഷനുകൾ: -

| STD | BOYS | GIRL | TOTAL | ARB |
|---|---|---|---|---|
| 1 | 6 | 4 | 10 | 10 |
| 2 | 8 | 3 | 10 | 10 |
| 3 | 5 | 5 | 10 | 10 |
| 4 | 6 | 6 | 12 | |
| Total | 24 | 18 | 42 | |

# അധ്യാപകർ

| പേര് | തസ്തിക | 40 ൽ (41-50) താഴെ പ്രായം | 51 ൽ കൂടുതൽ | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|
| സെലീല ഉസ്മാൻ | H.M | | 1 | |
| റീന പി. കെ | P.D Teacher | 1 | | |
| ബിൻസിറ കെ വി | LPSA | 1 | | |
| റംഷീദ എ പി | LPSA | 1 | | |
| ഷെറീന | ARABIC TEACHER | 1 | | |
| അബ്ദുൽ ബഷീർ | PTCM | | 1 | |

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | പഠന പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും എഴുത്തും വായനയും | വായനോത്സവം<br><br>സംയുക്ത ഡയറി<br><br>തിളക്കം പദ്ധതി<br><br>2,3,4 ക്ലാസുകൾക്ക് പ്രീ ടെസ്റ്റ് പിന്നോക്കക്കാരെ കണ്ടെത്തൽ<br><br>അക്ഷരം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br><br>ചിഹ്നം ഉറപ്പിക്കൽ | ജൂലൈ<br><br>ജൂലൈ - മാർച്ച്<br><br>ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർക്ക് | ചാർട്ട് ചിത്രങ്ങൾ<br><br>ടി.എം<br><br>ബ്ലാക്ക് ബോർഡ്<br><br>ലൈബ്രറി ബോക്സ്<br><br>ലാപ് ടോപ്പ്<br><br>പത്രം ബുള്ളറ്റിൻ ബോർഡ് | | |

| | | | | | | |
|---|---|---|---|---|---|---|
| | വായന കാർഡുകൾ ഉപയോഗപ്പെടുത്തൽ<br>ക്ലാസ് ലൈബ്രറി<br><br>ബാലസാഹിത്യകൃതികൾ വായിച്ച് ആശയങ്ങൾ പങ്കിടുന്നു<br>കുറിപ്പ് തയ്യാറാക്കുന്നു<br>പത്ര വായന<br>ദത്തെടുക്കൽ പദ്ധതി | | ക്ലാസ് അധ്യാപകർ വിഷയം പഠിപ്പിക്കുന്നവർ | വർക്ക് ഷീറ്റ് നോട്ടു പുസ്തകങ്ങൾ | | |

# ഐ. ടി

| ലക്ഷ്യം | പ്രവർത്ത നങ്ങൾ | കാലം | ചുമതല | ഭൗതികം | പഠന പിന്തുണ |
|---|---|---|---|---|---|
| എല്ലാ കുട്ടികളുടെയും \കമ്പ്യൂട്ടർ സാക്ഷരത ഉറപ്പുവരുത്തുക<br><br>ദൃശ്യ ശ്രാവ്യ അനുഭവ ങ്ങളിലൂടെ പഠനം രസകര മാക്കൽ | എല്ലാ ക്ലാസു കളിലും ഹൈടെക് സംവിധാനം<br><br>പാഠഭാഗ ങ്ങളിൽ ഐടി സാധ്യതകൾ കണ്ടെത്തൽ പ്രയോജന പ്പെടുത്തൽ ഗെയിമുകൾ കളിപ്പെട്ടി | 1 വർഷം<br><br>ആഴ്ചയിൽ ഒരിക്കൽ | എച്ച് എം, പിടിഎ, പഞ്ചാ യത്ത് ക്ലാസ് ടീച്ചർ | ലാപ്ടോപ്പ്<br><br>ഇന്ററ നെറ്റ് | ബിആർസി പഞ്ചായത്ത് |

# ENGLISH

| AIM | Activities | Period | charge | Physical | Support |
|---|---|---|---|---|---|
| Develop the skill of listening, speaking, reading, writing English in all students | *Shine programme Familiarise the letters and the sounds.<br><br>*Self introduction<br><br>*Games<br><br>*Hello english activities<br><br>*English assembly<br><br>*Speech, poster making<br><br>*Diary<br><br>*Book review<br><br>*Use maximum english in class rooms<br><br>*English fest | june-march<br><br>July<br><br>June-march<br><br>Thursday<br><br>October March<br><br>Junuary<br><br>June-March<br><br>February | class teacher<br><br>HM<br><br>English club<br><br>Class teacher<br><br>English club | ICT<br><br>Papers Colours<br><br>Simple stories | SRG<br>BRC<br>PTA |

# പൊതു വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | പഠന പിന്തുണ | ലക്ഷ്യം |
|---|---|---|---|---|---|---|
| കുട്ടികളിലെ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക വിവിധ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുക | ഉണർവ് ക്വിസ് എല്ലാ ആഴ്ചയും ചോദ്യങ്ങൾ നൽകുന്നു<br>മെഗാ ക്വിസ്<br>ദിനാചരണങ്ങൾ<br>പഠന യാത്രകൾ<br>പത്ര ക്വിസ്<br>ഒരു ദിനം ഒരു അറിവ് | എല്ലാ മാസവും<br>മാർച്ച്<br>ഒരിക്കൽ<br>ആഴ്ചയിൽ<br>ജൂലൈ മാർച്ച് | ക്ലാസ് ടീച്ചർ<br>എസ് ആർ ജി<br>റംഷീദ ടീച്ചർ | പുസ്തകങ്ങൾ , പത്രം , ലൈബ്രറി<br>ഐസിടി മാഗസിനുകൾ<br>ബോർഡ് ചോക്ക് പഠന നോട്ടുബുക്ക് | പിടിഎ<br>രക്ഷിതാക്കൾ | 1000 |

# കല- കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | പഠനപിന്തുണ | ലക്ഷ്യം |
| --- | --- | --- | --- | --- | --- | --- |
| കലാ കായിക രംഗങ്ങളിൽ മികച്ച പരിശീലനം | റീഡേഴ്സ് തിയേറ്റർ | ജൂൺ മാർച്ച് | ക്ലാസ് അധ്യാപകർ | | പിടിഎ | |
| കേട്ട വായിച്ച കഥയിലെ കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ റോൾപ്ലേയിലൂടെ അവതരിപ്പിക്കുന്നു | കാവ്യാവിഷ്കാരം | ജൂൺ മാർച്ച് | | പുസ്തകങ്ങൾ മാസ്ക് | രക്ഷിതാക്കൾ | |
| | പാട്ടരങ്ങ് | ജൂൺ മാർച്ച് | | വേഷങ്ങൾ കമ്പ് പ്ലാസ്റ്റിക് ബോട്ടിൽ ചിരട്ടക്കല്ല് സംഗീതം | | |
| പാട്ടിനും ആശയത്തിനും താളാത്മകമായ ശബ്ദത്തിനും അനുസരിച്ച് താളത്തിൽ വയ്ക്കുന്നു | കാവ്യോത്സവം | ജൂൺ മാർച്ച് | | ലാപ്ടോപ്പ് പ്രൊജക്ടർ | | |
| | സുംബാ ഡാൻസ് | ജൂൺ മാർച്ച് | ക്ലാസ് അധ്യാപകർ | സൗണ്ട് സിസ്റ്റം | | 1000 |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | പഠന പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| സംഖ്യാ ബോധം ഉറപ്പിക്കൽ | മഞ്ചാടി മുത്തുകൾ കല്ലുകൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ജൂൺ ആഗസ്റ്റ് | ക്ലാസ് അധ്യാപകർ | മഞ്ചാടി, മുത്തുകൾ. | രക്ഷിതാക്കൾ | |
| ചതുഷ്ക്രിയകൾ | ടെൻ ഫ്രെയിം ഉപയോഗപ്പെടുത്തൽ | | | ടെൻ ഫ്രെയിം | | |
| ജ്യാമിതി രൂപങ്ങൾ പരിചയപ്പെടുത്തൽ | ചുറ്റുപാടിൽ നിന്നും ജാമിതീയ രൂപങ്ങൾ കണ്ടെത്തൽ സ്വന്തമായി വരയ്ക്കൽ | | | ജ്യാമിതീയ രൂപങ്ങൾ | | |
| പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ | ഉല്ലാസ ഗണിതം ഗണിത വിജയം പ്രവർത്തനങ്ങൾ | ജൂൺ മാർച്ച് | ക്ലാസ് അധ്യാപകർ | ഉല്ലാസ ഗണിതം ഗണിത വിജയം മെറ്റീരിയൽസ് ഗണിത കിറ്റിലേക്ക് ആവശ്യമായ സാധനങ്ങൾ | ബി ആർ സി<br>പിടിഎ | |
| സിലബസ് അനുസരിച്ചുള്ള ശേഷി നേടൽ | എല്ലാ ക്ലാസിലും ഗണിത മൂല എല്ലാ കുട്ടികൾക്കും ഗണിത കിറ്റ് | ജൂൺ ആഗസ്റ്റ് | | | | |
| | ഗണിത ലാബ് സജ്ജീകരിക്കൽ | ജൂലൈ | ഗണിത ക്ലബ്ബ് | ഐസിടി | | |

# 2025-26 വർഷത്തിൽ സ്കൂൾ ഏറ്റെടുത്ത നൂതന പ്രവർത്തനങ്ങൾ

| മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|---|
| പൊതു വിജ്ഞാനം | കുട്ടികളിലെ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക. | ഒരു ദിനം ഒരു അറിവ് | ജൂൺ മാർച്ച് | റംഷീദ ടീച്ചർ | വൈറ്റ് ബോർഡ് മാർക്കർ | രക്ഷിതാക്കൾ അധ്യാപകർ പിടിഎ എസ് എസ് ജി അധ്യാപകർ ബി ആർ സി | 3000 |
| | വായനാശീലം വർദ്ധിപ്പിക്കുക. | കിസ്സ് | | | സമ്മാനങ്ങൾ | | |
| | കുട്ടികളെ മത്സര പരീക്ഷയ്ക്ക് പ്രാപ്തരാക്കുക. | അമ്മ ലൈബ്രറി (ശ്രദ്ധയോടെ ഞങ്ങളും) | | | | | 3000 |
| | രക്ഷിതാവ് സ്കൂൾ ബന്ധം ദൃഢമാവുക. | | ജൂൺ മാർച്ച് | ബെൻസീറ ടീച്ചർ | ലൈബ്രറി പുസ്തകങ്ങൾ | | |
| പൊതു ആരോഗ്യം | കുട്ടികളിൽ ബോധം വളർത്തുന്നതിന് വ്യക്തി ശുചിത്വം പാലിക്കുന്നതിന്. | ശുചിത്വ ചാർട്ട് എല്ലാ ക്ലാസിലും | ജൂൺ മാർച്ച് | ക്ലാസ് അധ്യാപകർ | ചാർട്ട് സ്കെച്ച് സമ്മാനങ്ങൾ | | 2000 |